സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക - നോഡൽ ആഫീസറെ നിയോഗിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 14980/16/Est-1** നന്തൻകോട്, **30/12/2016**

---

പരാമർശം :- 1) കേരള സംസ്ഥാന പിന്നാക്ക വിഭാഗ രജിസ്ട്രാറുടെ 20-10-2016 ലെ 811/A2/2011/KSCBC നമ്പർ കത്ത്.

2) ദേവസ്വം കമ്മീഷണറുടെ 07-12-2016 ലെ ROC 21291/16/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

പിന്നാക്ക വിഭാഗക്കാർക്ക് നിയമനങ്ങളിലുള്ള സംവരണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തുള്ള സർക്കാർ-സർക്കാരിതര വകുപ്പുകളിലെ ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക ഓൺലൈനിലൂടെ കേരള സംസ്ഥാന പിന്നാക്ക വിഭാഗകമ്മീഷൻ പുതുതായി ആരംഭിച്ചിട്ടുള്ള വെബ്പോർട്ടറിലേക്ക് അയയ്ക്കണമെന്നും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒരു നോഡൽ ആഫീസറെ റിയോഗിക്കണമെന്നും നിർദ്ദേശിച്ച് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ രജിസ്ട്രാറുടെ സൂചന 1 കത്ത് ലഭിച്ചിട്ടുള്ളതാണെന്നും ആകയാൽ കമ്പ്യൂട്ടർ സംബന്ധമായ കാര്യങ്ങളിൽ പരിജ്ഞാനമുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ആഫീസറായി നിയോഗിക്കണമെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ചു. മേൽ വിവരിച്ച കാര്യത്തിലേക്ക് ദേവസ്വം ബോർഡാഫീസിൽ ഡ്യൂട്ടി നോക്കിവരുന്ന മുണ്ടക്കയം ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. ഒ.ജി. ബിജുവിനെ നോഡൽ ആഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ - സൂചന 1 നോടൊപ്പമുള്ള ഫോർമാറ്റ് പൂരിപ്പിച്ച് ഇതോടൊപ്പം നടപടിക്കായി അയയ്ക്കുന്നു
2. എല്ലാ ആഫീസ് മേധാവികൾക്കും
3. ശ്രീ. ഒ.ജി. ബിജു, ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, മുണ്ടക്കയം ഗ്രൂപ്പ് (ഡ്യൂട്ടി ദേവസ്വം ബോർഡാഫീസ്)- നടപടിക്കായി
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

SK